REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 01-01-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രതീക്ഷയോടെ ലോകം 2025 നെ വരവേറ്റു. പുതുവത്സരത്തിന്റെ വരവ് ജീവിതത്തിൽ പുതിയ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും തുടക്കം കുറിയ്ക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു.**
- **നിയുക്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് വൈകിട്ട് തിരുവനന്തപുരത്തെത്തും. സത്യപ്രതിജ്ഞ നാളെ രാവിലെ.**
- **വയനാട് ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് സന്നദ്ധത അറിയിച്ചവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൂടിക്കാഴ്ച ആരംഭിക്കും.**
- **സംസ്ഥാനത്ത് മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വലിച്ചെറിയൽ വിരുദ്ധവാരത്തിന് ഇന്ന് തുടക്കം.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം ബംഗാളിന്.**

## വാർത്തകൾ വിശദമായി

**സ്വപ്നങ്ങൾക്ക് പുതിയ നിറം നൽകി പ്രതീക്ഷയോടെ ലോകം 2025 നെ വരവേറ്റു.**

**നക്ഷത്രവിളക്കുകളും കലാപരിപാടികളും ആഘോഷരാവിന് മാറ്റുകൂട്ടി. ആശംസാസന്ദേശങ്ങൾ കൈമാറിയും പടക്കങ്ങൾ പൊട്ടിച്ചും തെരുവുകളിൽ ആഹ്ളാദനൃത്തം ചവിട്ടിയുമാണ് പുതു തലമുറ പുതുവർഷ പിറവിയെ ഏറ്റുവാങ്ങിയത്.**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ജനങ്ങൾ ആഹ്ളാദപൂർവം പുതുവത്സരത്തെ വരവേറ്റു. തിരുവനന്തപുരം ശങ്കുമുഖം ബീച്ച്, കോഴിക്കോട് ബീച്ച് തുടങ്ങി വിവിധ സ്ഥലങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പുലരുവോളം പുതുവത്സരാഘോഷങ്ങളിൽ പങ്കുചേർന്നു.

ഒരു ശബ്ദചിത്രം ........

അനന്തകാലത്തിന്റെ മഹാവൃക്ഷത്തിലെ ഒരില: സൂര്യ - ചന്ദ്രായനങ്ങളെ ഗുണിച്ചും ഹരിച്ചും കിഴിച്ചും കണ്ടെത്തിയ ഉത്തരം -ആദിമധ്യാന്തങ്ങൾ ഇല്ലാത്ത സമയദൂരത്തിന്റെ ഒരു മാത്ര- ഒരാണ്ട് അത്ര മാത്രം. നാഴികയും വിനാഴികയും വഴിയൊഴിഞ്ഞിടത്ത് മണിക്കൂറും മിനിട്ടും സമയസൂചകങ്ങളായെന്ന മാറ്റം.

ഒരുനാളും സംഭവബഹുലമാകാതിരുന്നില്ല. കണ്ണീരും കിനാവും മധുരവും ജയങ്ങളും ഇഴ ചേർന്ന്. തോൽവിയും ആശങ്കയും ദുരിതവും ചിലരെ കരയിച്ചെങ്കിൽ ചെറു പുഞ്ചിരിയുടെ നിമിഷങ്ങൾ പിന്നാലെയെത്തി.

വേർപിരിഞ്ഞവർ ഏറെയുണ്ട്. ഇന്നലെകൾക്കും നാളെകൾക്കുമിടയിലെ ഇന്നുകളേപ്പറ്റി ഓർമ്മിപ്പിച്ചവർ -ചിന്തകളിൽ തീ നാളമായവർ, ഭാവലോകത്തെ നിറമണിയിച്ചവർ.....

പോയതൊക്കെയും കതിരോ പതിരോ മാത്രമായിരുന്നില്ല. വരാനിരിക്കുന്ന ദിവസങ്ങളും അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും.

✪✪✪

ആർപ്പുവിളികളുടെയും ആഘോഷത്തിന്റെയും അകമ്പടിയോടെ ഫോർട്ട് കൊച്ചി പുതുവർഷത്തെ എതിരേറ്റു.

വെളിഗ്രൗണ്ടിൽ സജ്ജീകരിച്ച കൂറ്റൻ പപ്പാഞ്ഞിയെ അർദ്ധരാത്രിയോടെ അഗ്നിക്ക് ഇരയാക്കുന്നതിന് സാക്ഷ്യം വഹിക്കാൻ ആയിരക്കണക്കിന് ആളുകളാണ് ഒഴുകിയെത്തിയത്. സംഗീതവും നൃത്തവും ആയി അവർ 2025-നെ വരവേറ്റു.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് ദുഃഖാചരണം പ്രഖ്യാപിച്ചിരുന്നതിനാൽ ഫോർട്ട്കൊച്ചി പരേഡ് ഗ്രൗണ്ടിൽ പപ്പാഞ്ഞിയെ കത്തിക്കുന്ന ചടങ്ങ് ഒഴിവാക്കിയിരുന്നു.

തൃക്കാക്കരയിലും പപ്പാഞ്ഞിയെ അഗ്നിക്ക് ഇരയാക്കി.

✪✪✪

**രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ജനങ്ങൾക്ക് പുതുവത്സരാശംസ നേർന്നു.**

**പുതുവത്സരത്തിന്റെ വരവ് നമ്മുടെ ജീവിതത്തിൽ പുതിയ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും തുടക്കം കുറിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. പുതുവത്സരത്തിന്റെ ഈ അവസരം, നമ്മുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിന് പുതു പ്രചോദനത്തോടെ മുന്നോട്ട് പോകാൻ അവസരമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.**

✪✪✪

**രാഷ്ട്രത്തെ ഒന്നാമതായി കാത്തുസൂക്ഷിക്കുമെന്ന ദൃഢനിശ്ചയത്തോടെ ജനാധിപത്യ മൂല്യങ്ങൾ പരിപോഷിപ്പിച്ചു നിശ്ചയദാർഢ്യത്തോടെ മുന്നേറാൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പുതുവത്സര സന്ദേശത്തിൽ ജനങ്ങളോട് ആവശ്യപ്പെട്ടു. 2047-ൽ വികസിത് ഭാരതത്തിലേക്ക് മുന്നേറുമ്പോൾ ഭരണഘടനാ നിർമ്മാതാക്കളുടെ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിന് സ്വയം സമർപ്പിക്കാൻ അദ്ദേഹം പൗരന്മാരോട് അഭ്യർത്ഥിച്ചു.**

✪✪✪

**സ്ഥാനമൊഴിഞ്ഞ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് V.D സതീശൻ തുടങ്ങിയവരും പുതുവത്സരാശംസ നേർന്നു.**

✪✪✪

**നിയുക്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് വൈകിട്ട് തിരുവനന്തപുരത്തെത്തും. വിമാനത്താവളത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ A.N ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് നിയുക്ത ഗവർണറെ സ്വീകരിക്കും.**

**നാളെ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഗവർണറായി സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10.30-ന് രാജ്ഭവൻ ഓഡിറ്റോറിയത്തിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും.**

✪✪✪

വയനാട് ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് സന്നദ്ധത അറിയിച്ചവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൂടിക്കാഴ്ച ആരംഭിക്കും. 50 വീടുകളിൽ കൂടുതൽ നിർമ്മിക്കാമെന്ന് വാഗ്ദാനം ചെയ്തവരെയാണ് ആദ്യഘട്ടത്തിൽ മുഖ്യമന്ത്രി കാണുന്നത്. കർണാടക ഗവൺമെന്റിന്റെയും രാഹുൽ ഗാന്ധിയുടേയും പ്രതിനിധികൾ ഇന്ന് ചർച്ച നടത്തും.

മുസ്ലീം ലീഗ്, DYFI സംഘടനകളേയും കൂടിക്കാഴ്ചയ്ക്ക് വിളിച്ചിട്ടുണ്ട്. ദുരന്തബാധിതരുടെ പുനരധിവാസത്തിന് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ, പണിത് നൽകാൻ ഉദ്ദേശിക്കുന്ന വീടുകളുടെ രൂപരേഖ പ്രതീക്ഷിക്കുന്ന ചെലവ് അടക്കം കാര്യങ്ങൾ മുഖ്യമന്ത്രി ധരിപ്പിക്കും.

✪✪✪

ഇന്ന് മുതൽ സ്വർണ്ണത്തിന്റെയും, മറ്റ് വിലയേറിയ രത്നങ്ങളുടെയും 10 ലക്ഷമോ അതിന് മുകളിലോ മൂല്യമുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കി.സംസ്ഥാനത്തിന് അകത്തെ ചരക്ക് നീക്കത്തിനാണ് ഇ -വേ ബിൽ നിർബന്ധമാക്കിയതെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

✪✪✪

ഭിന്നശേഷിക്കാർക്ക് തൊഴിലവസരമൊരുക്കാൻ സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷനും സംസ്ഥാന പന ഉൽപ്പന്ന വികസനകോർപ്പറേഷനും സംയുക്തമായി 'ഇടം പോയിന്റുകൾ' എന്ന പേരിൽ സംസ്ഥാനത്ത് പന ഉൽപ്പന്ന വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കും. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഇടം പോയിന്റുകൾക്ക് ഇന്ന് തുടക്കമാകും.

ഈ കേന്ദ്രങ്ങളിൽ കെൽപ്പാമിന്റെ പനംകൽക്കണ്ട്, കരുപ്പട്ടി, വിവിധതരം ജ്യൂസുകൾ, നൊങ്ക് സർബത്ത്, ചുക്ക് കാപ്പി എന്നിവയാണ് പ്രധാനമായും വിൽക്കുക. അതോടൊപ്പം തന്നെ ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും പാൽ ഉൾപ്പെടെ മറ്റ് അംഗീകൃത ഉൽപ്പന്നങ്ങളും ലഭ്യമാക്കും.

✪✪✪

സംസ്ഥാനത്ത് മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വലിച്ചെറിയൽ വിരുദ്ധവാരം ഇന്ന് ആരംഭിക്കും.

മാർച്ച് 30 ന് മാലിന്യ മുക്തമായ നവകേരളമെന്ന ലക്ഷ്യം കൈവരിക്കാൻ വലിച്ചെറിയൽ വിരുദ്ധക്യാമ്പയിൻ നിർണായക പങ്ക് വഹിക്കുമെന്ന് മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് പറഞ്ഞു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്).......

വലിച്ചെറിയൽ മുക്തമായ പൊതുവിടങ്ങൾ ജനകീയ സമിതികളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ സൃഷ്ടിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കുക, സ്ഥാപനങ്ങളെ വലിച്ചെറിയൽ മുക്തമാക്കുക, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിയമനടപടി കർശനമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്യാമ്പയിൻ മുന്നോട്ടുവെക്കുന്നത്.

ഓഫീസുകൾ ഈ മാസം ഏഴു മുതൽ വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ജാഥകൾ, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ പൊതു പരിപാടികളുടെ ഭാഗമായി മാലിന്യം പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

വീടുകൾ കേന്ദ്രീകരിച്ച് ഗാർഹിക ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ എണ്ണം, നിലവിലെ സ്ഥിതി എന്നിവ മനസിലാക്കുന്നതിനായി ഈ മാസം ആറു മുതൽ 12 വരെ സർവേയും ഭവന സന്ദർശനവും നടത്തും. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സർവേ ഈ മാസം 15 നകം പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മാലിന്യ മുക്തം നവ കേരളത്തിന്റെയും, അഴക് പദ്ധതിയുടെയും ഭാഗമായി മാലിന്യം വലിച്ചെറിയുന്നത് തടയാൻ കോഴിക്കോട് കോർപറേഷൻ ചീറ്റ എന്ന പുതിയ പദ്ധതിക്ക് രൂപം നൽകി. "ചീറ്റ "യുടെ 3 ടീമുകൾ ഇന്നു മുതൽ നഗരത്തിൽ പരിശോധന നടത്തും. പൊതു സ്ഥലങ്ങളിൽ വലിച്ചെറിഞ്ഞ മാലിന്യങ്ങൾ ചീറ്റ " ടീം ശുചീകരിക്കും. മാലിന്യം വലിച്ചെറിയുന്ന ആളെയോ, സ്ഥാപനത്തെയോ തിരിച്ചറിഞ്ഞാൽ 5,000 രൂപ വരെ അപ്പോൾ തന്നെ പിഴ ഈടാക്കും.

✪✪✪

നഗരസഭകളിൽ കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയ കെ സ്മാർട്ടിലൂടെ നഗരഭരണം സ്മാർട്ടായതായി മന്ത്രി M.B രാജേഷ് അറിയിച്ചു. ഏപ്രിൽ മുതൽ കെ സ്മാർട്ട് ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കെ സ്മാർട്ടിന്റെ പൈലറ്റ് റൺ ഇന്ന് തുടങ്ങുമെന്ന് MB രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവ വേദികളിൽ സുരക്ഷ ഉറപ്പാക്കാൻ എല്ലാവിധ നടപടികളും കൈക്കൊള്ളുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. പോലീസ് അടക്കം എൻഫോഴ്സ്മെന്റ് ഏജൻസികളുടെ യോഗം മന്ത്രി വിളിച്ച് ചേർത്തു. കലോത്സവത്തിന്റെ വിജകരമായ നടത്തിപ്പിനായി ഉദ്യോഗസ്ഥരുടെയും വകുപ്പുകളുടെയും ഏകോപിച്ച പ്രവർത്തനം ആവശ്യമാണെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

കരിപ്പൂർ വിമാനത്താവള വികസനത്തിന്റെ മാസ്റ്റർ പ്ലാനിന് ഗവൺമെന്റ് അംഗീകാരം ലഭിക്കുന്നതുവരെ കെട്ടിട നിർമാണത്തിനു N.O.C നൽകാമെന്ന് മന്ത്രി V.അബ്ദു റഹിമാൻ അറിയിച്ചു. ഗവൺമെന്റ് അംഗീകാരം ആകുന്നതിന് മുമ്പ് N.O.C നിഷേധിക്കേണ്ടതില്ലെന്നും വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് മലപ്പുറം കളക്ടറുടെ ചേംബറിൽ വിളിച്ച് ചേർത്ത യോഗത്തിൽ മന്ത്രി പറഞ്ഞു.

വിമാനത്താവളത്തിൽ റെസ വികസനത്തിന്റെ ഭാഗമായി തടസപ്പെട്ട നിലവിലെ ക്രോസ് റോഡിന് പകരം ഗതാഗത സൗകര്യം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൊച്ചിയിൽ തലയ്ക്ക് ഗുരുതര പരിക്കേറ്റ് ചികിത്സയിൽ തുടരുന്ന ഉമാ തോമസ് MLA യുടെ ആരോഗ്യസ്ഥിതിയിൽ ആശാവഹമായ പുരോഗതിയുണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. തലയ്ക്കും നട്ടെല്ലിനും ഏറ്റ പരിക്കിന്റെ ചികിത്സയിലുമാണ് പുരോഗതി. എന്നാൽ ശ്വാസകോശത്തിന്റെ അവസ്ഥ സാരമായി തുടരുകയാണെന്നു

കുറച്ചുദിവസം കൂടി വെന്റിലേറ്ററിൽ തുടരേണ്ടി വരുമെന്നും ഡോക്ടർമാർ അറിയിച്ചു.

ഉമാ തോമസ് എംഎൽഎയുടെ ആരോഗ്യസ്ഥിതി ആശുപത്രിയിലെ മെഡിക്കൽ സംഘവും മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരും ചേർന്ന സംയുക്ത മെഡിക്കൽ ടീം വിലയിരുത്തി.

✪✪✪

പൂനെയിൽ നിന്ന് നാട്ടിലേക്ക് പുറപ്പെട്ട് കാണാതായ സൈനികൻ കോഴിക്കോട് എരഞ്ഞിക്കൽ സ്വദേശി  വിഷ്ണുവിനെ ബംഗലൂരുവിൽ കണ്ടെത്തി. വിഷ്ണുവുമായി നാട്ടിലേക്ക് പുറപ്പെട്ടതായി എലത്തൂർ പൊലീസ് അറിയിച്ചു.

പൂനെയിലെ ആർമി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അവധിയെടുത്ത് നാട്ടിലേക്ക് പുറപ്പെട്ട വിഷ്ണുവിനെ കഴിഞ്ഞ മാസം 17 നാണ് കാണാതായത്.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം ബംഗാളിന്. ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ ഇഞ്ചുറി ടൈമിൽ കേരളത്തെ, എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചാണ് ബംഗാൾ സന്തോഷ് ട്രോഫി കിരീടം സ്വന്തമാക്കിയത്. ഇരു ടീമുകളും ഒപ്പത്തിനൊപ്പം പൊരുതിയ ഗോൾരഹിതമായ 90 മിനിറ്റിനു ശേഷം ഇഞ്ചുറി ടൈമിൽ ബംഗാളിന്റെ റോബി ഹൻസ്ദയാണ് വിജയഗോൾ നേടിയത്. തിരിച്ചടിക്കാൻ കേരളം നടത്തിയ ശ്രമങ്ങൾ ലക്ഷ്യത്തിലെത്തിയില്ല. സന്തോഷ് ട്രോഫി ഫുട്ബോളിൽ ബംഗാളിന്റെ 33-ാം കിരീട നേട്ടമാണിത്.

✪✪✪

കണ്ണൂരിൽ ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ സീനിയർ ഫോയിൽ പുരുഷ വിഭാഗത്തിൽ തമിഴ് നാടിന്റെ K.ബിബീഷ് സീനിയർ എപ്പേ വനിത വിഭാഗത്തിൽ ഹരിയാനയുടെ തനിഷ്ക് കത്രി എന്നിവർ സ്വർണ്ണം നേടി. ഇന്ന് ഒളിമ്പ്യൻ ഭവാനി ദേവി മത്സരത്തിൽ പങ്കെടുക്കാനെത്തും.

✪✪✪

---

*News Editor: സുരേഷ് വി കെ*
*News Reader: ഹക്കീം കൂട്ടായി*
*Casual Newsreader : അനുഷ ആത്മപ്രകാശ്*
*DEO : ഷീബ പി.എം*